കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തെന്നല ഗ്രാമപഞ്ചായത്ത്

## 2018-19

## ഓഡിറ്റ് റിപ്പോർട്ട്

## ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എം.പി.എം.14/58/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

തീയതി. 05/05/2020

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡൻ്റ്,
(സെക്രട്ടറി മുഖേന)
തെന്നല ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തെന്നല ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെന്നല ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ
4)കാര്യാലയ പകർപ്പ്

എബികെ

നം കെ.എസ്.എ.എം.പി.എം.14/58/2020

തിയ്യതി: 05/05/2020

<u>മലപ്പുറം ജില്ലയിലെ തെന്നല ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തെന്നല ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11.09.2018 മുതൽ 18.12.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

-----------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ആർ. അജിത്ത് ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

-----------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 19.12.2019 മുതൽ 31.12.2019വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. ഉണ്ണി പി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേഡ്) |
| ശ്രീമതി. സൽമത്ത് ടി.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ജിഷ കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ബിജേഷ് എ എസ് | ഓഡിറ്റർ |

<u>ബി ) നിർവഹണാധികാരികൾ</u>

പ്രസിഡന്റ്

| | |
|---|---|
| ശ്രീ എം.പി കുഞ്ഞിമൊയ്തീൻ | 01.04.2018 മുതൽ 31.03.2019 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ നാരായണൻ.എം | 1.04.2018 മുതൽ 13.03.2019 വരെ |
| ശ്രീ സലീഷ് എ (സെക്രട്ടറി ഇൻ ചാർജ്) | 14.03.2019 മുതൽ 31.03.2019 വരെ |

<u>മറ്റു നിർവഹണ ഉദ്യോഗസ്ഥർ.</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ. ഫാത്തിമ്മ ഫായിസ് | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ I | ശ്രീ അഭിലാഷ്. വി | 01.04.2018 മുതൽ 12.01.2019 വരെ |
| | ശ്രീ. അൻസൊ സി (ഇൻ ചാർജ്) | 13.01.2019 |
| | ശ്രീ ബബേഷ് കുമാർ | 14.01.2019 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ II | ശ്രീ. അൻസൊ സി | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി പുഷ്പ എ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ മഹേഷ് പി | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി നിമ്മി ആർ | 01.04.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ദിവ്യ. പി. ടി | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. മാക്സ്‌വെൽ കെ. സി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ. ജിനകുമാരി. എം | 01.04.2018 മുതൽ 12.07.2018 വരെ |
| | ഡോ. നസ്രീൻ. എം | 13.07.2018 മുതൽ 27.07.2018 വരെ |
| | ഡോ. സീമ കെ | 28.07.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ. ഷെമി. കെ. മൊഹമ്മദ് | 01.04.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം | ഖണ്ഡിക നം | വിഷയം |
|---|---|---|
| | | ഭാഗം-1 പൊതു അവലോകനം |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 12 | 1-12 | ബിൽഡിംഗ് പ്ലാൻ - അപാകതകൾ |
| 13 | 1-13 | ഒരു ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പറുകൾ നൽകി വസ്തു നികുതി കുറവായി നിർണ്ണയിച്ചു |
| 14 | 1-14 | ഡി & ഒ/ഫാക്ടിയോസ് ലൈസൻസ് പരിശോധന - അപാകതകൾ |
| 15 | 1-15 | എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല |
| 16 | 1-16 | പാലിന് സബ്സിഡി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ |
| 17 | 1-17 | വിഇഒ നിർവ്വഹണം ചെയ്ത പ്രോജക്ടുകൾ - പൊതു അപാകതകൾ |
| 18 | 1-18 | മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമാവാത്തത് - സംബന്ധിച്ച് |
| 19 | 1-19 | ശമ്പള പരിഷ്കരണ കുടിശ്ശിക – പെൻഷൻ അംശദാനം ഇനത്തിൽ കൂടുതൽ തുക അടവാക്കി |
| 20 | 1-20 | വൃദ്ധ ജനങ്ങൾക്ക് കട്ടിൽ - അർഹതാ മാനദണ്ഡത്തിന് വിരുദ്ധമായി അനുവദിച്ചു |
| 21 | 1-21 | മഴക്കാല പൂർവ്വ ശുചിത്വ പ്രവർത്തനങ്ങൾ - ചെലവു വിവരങ്ങൾ പൂർണ്ണമായി ഹാജരാക്കിയില്ല |
| 22 | 1-22 | പോത്ത്കുട്ടി വിതരണം - പദ്ധതി നടത്തിപ്പിൽ അപാകത |
| 23 | 1-23 | അഗതി രഹിത കേരളം പദ്ധതി നടപ്പിലാക്കുന്നതിലെ പുരോഗതി |
| 24 | 1-24 | പൊതുമാരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ പാലിക്കേണ്ട നിർദ്ദേശങ്ങൾ |

| | | |
|---|---|---|
| | | ഭാഗം-2 വരവുകണക്കുകളിൽ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ<br>ഇല്ല |
| | | ഭാഗം-3 ചെലവു കണക്കുകളിൽ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ<br>ഇല്ല |
| | | ഭാഗം -4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 25 | 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 26 | 4-2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 27 | 4-3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 28 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 29 | 4-5 | വായ്പ /വായ്പ തിരിച്ചടവ് |
| 30 | 4-6 | സ്ഥിര നിക്ഷേപം |
| 31 | 4-7 | ഓഡിറ്റ് റിക്കവറി |
| 32 | 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 33 | 4-9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം. |
| 34 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 35 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| | | ഭാഗം 5<br>അനുബന്ധങ്ങൾ |
| 36 | Annexure-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 37 | Annexure-2 | Audited Abstract |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

| 2018-19 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| PR No(1)/24/03/2018 | PR-No(1)/14/02/2019 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 25.05.2019 | | |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | 2018-19 |
|---|---|
| മുന്നിരിപ്പ് | 1,53,51,165 |
| വരവ് | 8,81,92,196 |
| ആകെ | 10,35,43,361 |
| ചെലവ് | 7,70,70,925 |
| നീക്കിയിരിപ്പ് | 2,64,72,436 |

# 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 230 | 68567424 | 140 | 39519049 | 1 | 89 | 60.8% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 12856234 | 12856234 | 11482259 | 1373975 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1512000 | 1512000 | 1474914 | 37086 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 56000 | 56000 | 0 | 56000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 6648000 | 6648000 | 6648000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2780000 | 2780000 | 2632676 | 147324 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 5968000 | 5968000 | 5968000 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 3364 | 305642 | 309006 | 300618 | 8388 |
| ബി ഫണ്ട് | 0 | 45625420 | 45625420 | 45625420 | 0 |
| ഐ. സി. ഡി. എസ് | 596613 | 1023975 | 1620588 | 1010337 | 610251 |
| ടോട്ടൽ സാനിറ്റേഷൻ കാമ്പയിൻ | 689696 | 1294852 | 1984548 | 191402 | 1793146 |
| ജലനിധി | 8144755 | 31929987 | 40074742 | 24232769 | 15841973 |
| എസ്.ബി.ഐ – ശുചിത്വം | 8126 | 41 | 8167 | 8167 | 0 |
| തെന്നല സർവീസ് സഹകരണ ബാങ്ക് (തനത് ഫണ്ട്) | 5756459 | 6106949 | 11863408 | 4227010 | 7636398 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| എസ്.ബി.ഐ ഇ-പേമെന്റ് (തനത് ഫണ്ട്) | 36497 | 337766 | 374263 | 365411 | 8852 |
| ട്രഷറി ടി.എസ്.ബി | 230116 | 19260711 | 19490827 | 19183378 | 307449 |

(കുറിപ്പ് : ഫണ്ടുകൾക്കായി പ്രത്യേകമായി അക്കൗണ്ടുകൾ നിലനിർത്താത്തതിനാൽ മേൽ പട്ടികയിലെ ആകെ തുകയും R&P പത്രികയിലെ 40(a), 40(b) യും തമ്മിൽ വ്യത്യാസമുണ്ട്).

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3364 | 305642 | 309006 | 300618 | 8388 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 62,31,976 | 62,31,976 | 62,31,976 | 0 |
| ആകെ | 3364 | 65,37,618 | 65,40,982 | 65,32,594 | 8388 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 30720 | 12 |
| കർഷകതൊഴിലാളി പെൻഷൻ | 829400 | 68 |
| വിധവ പെൻഷൻ | 21585500 | 912 |
| വാർദ്ധക്യകാല പെൻഷൻ | 17978700 | 1468 |
| വികലാംഗപെൻഷൻ | 4637000 | 361 |
| വിവാഹധനസഹായം | 330000 | 11 |
| 50 വയസ്സിനു മുകളിൽ അവിവാഹിത പെൻഷൻ | 187000 | 15 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.12.2019 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15,899/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഇതു സംബന്ധിച്ച പരാമർശങ്ങൾ തുടർന്നുവരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.12.2019 | നവംബർ, 2019 | 10.12.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.11.2009 മുതൽ 21.11.2009 വരെ | 2004-05 മുതൽ 2008-09 വരെ | 25.02.2017 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വസ്തു നികുതി തൻവർഷ കലക്ഷനിൽ 41473/- രൂപ ബുക്ക് അഡ്ജസ്റ്റ്മെന്റ് നടത്തിയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.
2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
3. സംയുക്ത പ്രോജക്ടുകൾക്കായി മുൻവർഷങ്ങളിലടക്കം അനുവദിച്ച ബ്ലോക്ക് വിഹിതം (2044456/-)ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു.
4. 2018-19 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ചെയ്ത മെറ്റീരിയൽ വർക്കുകളുടെ കോസ്റ്റ് (തൊഴിലാളികളുടെ വേതനം ഉൾപ്പെടെ) ക്യാപിറ്റൽ കോൺട്രിബ്യൂഷനാക്കി മാറ്റിയതിന്റെ വിവരം ലഭ്യമാക്കിയില്ല.
5. 2017-18 വർഷത്തിലെ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

# 1-12 ബിൽഡിംഗ് പ്ലാൻ - അപാകതകൾ

1. കെട്ടിടങ്ങളിലെ മഴവെള്ള സംഭരണസംവിധാനം സംബന്ധിച്ച്

2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 102(3) പ്രകാരം ഗണം F-ൽ പെടുന്ന വാണിജ്യകെട്ടിടങ്ങൾക്ക് ഒരു ചതുരശ്രമീറ്റർ കവറേജ് വിസ്തീർണ്ണത്തിന് 25 ലിറ്റർ എന്ന തോതിൽ ചുരുങ്ങിയ ശേഷി ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ 2018-19 വർഷത്തിൽ നിർമ്മാണത്തിന് / ക്രമവത്കരണത്തിന് അനുമതി നൽകിയ താഴെ പറയുന്ന കെട്ടിടങ്ങൾക്ക് ഈ നിബന്ധന പാലിക്കപ്പെട്ടിട്ടില്ല

| ക്രമ നം | ഫയൽ നം./ പെർമിറ്റ് നം. | കെട്ടിടത്തിന്റെ കവറേജ് | മഴവെള്ള സംഭരണ ടാങ്കിന്റെ കുറഞ്ഞ ശേഷി | നൽകിയത് | വ്യത്യാസം |
|---|---|---|---|---|---|
| 1 | 2863/18 Dt. 14.06.18 (പെർമിറ്റ്) | 248.88 | 248.88 X 25 = 6222 | 4500 | 1722 |
| 2 | 2680/18 Dt. 26.06.18 (പെർമിറ്റ്) | 227 | 227 X 25 = 5675 | 5000 | 675 |
| 3 | 5023/2018 Dt. 26.10.18 (ക്രമവത്കരണം) കെട്ടിടനം. 11/367B, C | 483 | 483 X 25 = 12,075 | നൽകിയിട്ടില്ല.(പ്ലാനിൽ കാണിച്ചിരിക്കുന്നത് പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിന്റെ (നം. 11/367A) മഴവെള്ള സംഭരണ സംവിധാനമാണ്. | 12,075 |

മേൽ പട്ടികയിൽ സൂചിപ്പിച്ച പോലെ മഴവെള്ള സംഭരണ സംവിധാനങ്ങൾ ഇല്ലാതെയോ, ശേഷി കുറവായി കാണിച്ചോ നിർമ്മാണങ്ങൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

2. കെട്ടിടത്തിന്റെ തരം തെറ്റായി രേഖപ്പെടുത്തി

മേൽ പട്ടികയിലെ ക്രമ നം. 3-ൽ സൂചിപ്പിച്ച കെട്ടിടം ഗ്രൂപ്പ് F-ൽ വരുന്ന വാണിജ്യകെട്ടിടമായാണ് ക്രമവത്കരിച്ച് നൽകിയിരിക്കുന്നത്. എന്നാൽ കെട്ടിടത്തിന്റെ പ്ലാനും, ഉപയോഗക്രമവും പ്രകാരം ഇതൊരു സംഭരണ കെട്ടിടമായാണ് (ഗ്രൂപ്പ് H) പരിഗണിക്കേണ്ടിയിരുന്നത്. തറവിസ്തീർണ്ണം 300 ച.മീറ്ററിൽ കുറവുള്ള ഈ തരത്തിലുള്ള കെട്ടിടങ്ങളെ മാത്രമാണ് വാണിജ്യകെട്ടിടങ്ങളായി പരിഗണിക്കാൻ സാധിക്കുക. എന്നാൽ ടി കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 483 ചതുരശ്ര മീറ്ററാണ്.

ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 01/23.12.19-നുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## 1-13 ഒരു ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പറുകൾ നൽകി വസ്തു നികുതി കുറവായി നിർണ്ണയിച്ചു

2017-18 മുതൽ വസ്തു-നികുതി ചുമത്തി വരുന്ന ശ്രീ. ശംസുദ്ദീൻ പുതുക്കുടി എന്നവരുടെ കെട്ടിടത്തിന്റെ 12/2F മുതൽ 12/2I വരെയുള്ള മുറികളിൽ ഗ്ലോബൽ ഫർണ്ണിച്ചർ വില്ലേജ് (ലൈസൻസ് രജിസ്റ്റർ ക്രമ നം. 165,166/18-19) എന്ന സ്ഥാപനമാണ് പ്രവർത്തിക്കുന്നത്. മുറികളുടെ ആകെ തറവിസ്തീർണ്ണം 368.93 ചതുരശ്ര മീറ്റർ ആണ്. എന്നാൽ മുറികൾക്ക് കുറഞ്ഞ നിരക്കിലുള്ള (100 ച. മീറ്ററിൽ കുറവുള്ള കെട്ടിടത്തിന് ച. മീറ്ററിന് 30/- രൂപ) നികുതിയാണ് ഈടാക്കിയിട്ടുള്ളത്. ഒരേ ഉപയോഗക്രമത്തിനുള്ള കെട്ടിടത്തിന്റെ/മുറികളുടെ തറവിസ്തീർണ്ണം ഒന്നായി പരിഗണിച്ച് ഉയർന്ന നിരക്കിൽ (100 ച. മീറ്ററിൽ കൂടുതലുള്ള കെട്ടിടത്തിന് ച. മീറ്ററിന് 50/- രൂപ) നികുതി നിർണ്ണയിക്കേണ്ടതായിരുന്നു.

കെട്ടിടത്തിന്റെ യഥാർത്ഥ നികുതി ചുവടെ നിർണ്ണയിക്കുന്നു.

| | |
|---|---|
| 1) കെട്ടിടത്തിന്റെ ഭൂനിരപ്പ് നില | |
| മുറികളുടെ തറവിസ്തീർണ്ണം | 184.11 ച. മീ. |
| അടിസ്ഥാന വസ്തുനികുതി | 194.11 X 50 = 9205.5 |
| വാർഷിക വസ്തുനികുതി (വർദ്ധനവ്/ കുറവ് ഉൾപ്പെടെ) | 11047 (20% വർദ്ധനവ് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ) |
| 2) കെട്ടിടത്തിന്റെ ഒന്നാം നില | |
| മുറികളുടെ തറവിസ്തീർണ്ണം | 184.82 ച. മീ. |
| അടിസ്ഥാന വസ്തുനികുതി | 184.82 X 50 = 9241 |
| വാർഷിക വസ്തുനികുതി (വർദ്ധനവ്/ കുറവ് ഉൾപ്പെടെ) | 10535 (20% വർദ്ധനവ് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ, 5% കിഴിവ് ഒന്നാം നിലക്ക്) |
| കെട്ടിടത്തിന്റെ ആകെ വാർഷിക വസ്തുനികുതി (1 + 2) | 21582 |
| ഈടാക്കിയ നികുതി | 12950 |
| വ്യത്യാസം | 8632 |

കെട്ടിടത്തിന്റെ വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതും, 2017-18 മുതലുള്ള നികുതി കുടിശ്ശിക (ലൈബ്രറി സെസ് ഉൾപ്പെടെ) ഈടാക്കേണ്ടതുമാണ്. ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിനുള്ള (നം. 02/23.12.19) മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## 1-14 ഡി & ഒ/ഫാക്ടിയോസ് ലൈസൻസ് പരിശോധന - അപാകതകൾ

2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് ഡി & ഒലൈസൻസ്/ഫാക്ടിയോസ് ലൈസൻസ് നൽകിയതിന്റെ സംക്ഷിപ്തം ചുവടെ കൊടുക്കുന്നു

| | |
|---|---|
| 2017-18 വർഷത്തിൽ ആകെ നൽകിയ ലൈസൻസുകൾ | 235 |
| 2018-19 വർഷത്തിൽ ആകെ നൽകിയ ലൈസൻസുകൾ | 256 |
| 2018-19 വർഷത്തിൽ പുതുക്കി നൽകിയ ലൈസൻസുകൾ | 176 |
| 01.04.2018 മുമ്പ് പുതുക്കി നൽകിയത് | 108 |
| | |

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു

1. മുൻവർഷങ്ങളിൽ ലൈസൻസ് നേടിയ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് പുതുക്കുന്നില്ല

മേൽ പട്ടിക പ്രകാരം 2017-18 വർഷത്തിൽ ആകെ 235 സ്ഥാപനങ്ങൾ ലൈസൻസ് നേടിയതിൽ, 176 സ്ഥാപനങ്ങൾ മാത്രമാണ് 2018-19 വർഷത്തിൽ ലൈസൻസ് പുതുക്കിയിട്ടുള്ളത്. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക 1-ൽ വരുന്ന പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ഡി & ഒ/ ഫാക്ടിയോസ് ലൈസൻസ് നേടേണ്ടതും യഥാസമയം പുതുക്കേണ്ടതുമാണ്.

2. ലൈസൻസുകൾ പുതുക്കുന്നതിന് കാലതാമസം നേരിടുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള സ്ഥാപനങ്ങൾ ഡി & ഒ/ ഫാക്ടിയോസ് ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിനുള്ളിൽ സമർപ്പിക്കേണ്ടതും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പ് ലൈസൻസ് പുതുക്കി നൽകേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് 2018-19 വർഷത്തിൽ പുതുക്കി നൽകിയ 176 ലൈസൻസുകളിൽ 68 ലൈസൻസുകളും നൽകിയത് 31.03.18-ന് ശേഷമാണ്. സ്ഥാപനങ്ങളുടെ അപേക്ഷകളിൻമേൽ തീരുമാനമെടുക്കാൻ കാലതാമസം നേരിടുന്നുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ലൈസൻസ് നം. | സ്ഥാപനം | അപേക്ഷ നൽകിയ തീയ്യതി | ലൈസൻസ് നൽകിയ തീയ്യതി |
|---|---|---|---|
| 168/18-19 | ത്വയ്യിബ് ചിക്കൻ സ്റ്റാൾ | 22.03.18 | 25.07.18 |
| 176/18-19 | ഇന്ത്യൻ അലൂമിനിയം ഫാബ്രിക്കേഷൻ | 12.04.18 | 04.09.18 |
| 182/18-19 | കൃഷ്ണ ജ്വല്ലറി വർക്ക്സ് | 12.04.18 | 06.10.18 |
| 193/18-19 | ന്യൂ റോളക്സ് ബേക്കറി & സ്റ്റേഷനറി | 04.07.18 | 16.11.18 |
| 197/18-19 | മൻസൂർ ഇൻഡസ്ട്രീസ് | 04.07.18 | 24.12.18 |
| 225/18-19 | ബിഗ് ബി ടോയ്സ് | 06.12.18 | 28.03.19 |

3. സ്ഥാപന ഉടമ നൽകേണ്ട സത്യപ്രസ്താവന പഴയ മാതൃകയിൽ നിലനിർത്തുന്നു

സ്ഥാപനത്തിൽ 50 മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക്കുകൾ ഉപയോഗിക്കില്ല എന്ന് അപേക്ഷ നൽകുമ്പോൾ സ്ഥാപന ഉടമ ഒരു സത്യപ്രസ്താവന നൽകേണ്ടതാണ്. എന്നാൽ ലൈസൻസ് നേടാൻ പഞ്ചായത്തിൽ നൽകിയിട്ടുള്ള സത്യപ്രസ്താവനകളിൽ 40 മൈക്രോൺ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ അപാകത പരിഹരിക്കേണ്ടതാണ്.

ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിനുള്ള (നം. 07/27.12.19) മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

# 1-15 പാലിന് സബ്സിഡി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ : ഡയറി എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് നമ്പർ: 64/19

ബിൽ നമ്പർ: 01/18-19/21.03.2019 (70,000/-)

ചെക്ക് നമ്പർ : 1434015/21.03.2019 (4612/-)

2018-19 വർഷത്തിൽ ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പാലിന് സബ്സിഡി പ്രോജക്ട്, നം. 64/19, പ്രകാരം 18 ഗുണഭോക്താക്കൾക്കായി 74612/- രൂപ നൽകിയിട്ടുണ്ട്. ആയതിൽ 70000/- രൂപ വികസന ഫണ്ടിൽ നിന്നും 4612/- രൂപ ബ്ലോക്ക്പഞ്ചായത്ത് വിഹിതവുമാണ്. 2018-19 ലെ സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ) നം. 22/2018/തസ്വഭവ തിയതി. 14.02.2018) പ്രകാരം ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് , ക്ഷീര വകുപ്പ് നൽകുന്ന 1 രൂപ ഉൾപ്പെടെ പരമാവധി നൽകാവുന്ന ധനസഹായം ലിറ്ററിന് 4 രൂപ യാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പഞ്ചായത്ത് ഭരണ സമിതിയുടെ 29.10.2018 ലെ 7(1) നമ്പർ തീരുമാന പ്രകാരം 34 ഗുണഭോക്താക്കളെയാണ് മേൽ പദ്ധതിക്കായി അംഗീകരിച്ചിട്ടുള്ളത്. പൂക്കിപ്പറമ്പ്- വാളക്കുളം ക്ഷീരോത്പപാദക സഹകരണസംഘം , പാലച്ചിറമാട് ക്ഷീരോത്പാദക സഹകരണ സംഘം എന്നീ സഹകരണ സംഘങ്ങളിലാണ് ടി ഗുണഭോക്താക്കൾ പാൽ നൽകിയിട്ടുള്ളത്. ഓഡിറ്റിനായി ലഭ്യമാക്കിയ മേൽ സംഘം സെക്രട്ടറിമാർ സാക്ഷ്യപ്പെടുത്തിയ കണക്ക് പ്രകാരം 2018-19 വർഷത്തിൽ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ഗുണഭോക്താക്കൾ നൽകിയ പാലിന്റെ അളവ് താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | സംഘം | പാലിന്റെ അളവ് |
|---|---|---|
| 1 | പൂക്കിപ്പറമ്പ്- വാളക്കുളം ക്ഷീരോത്പപാദക സഹകരണസംഘം | 18651 |
| 2 | പാലച്ചിറമാട് ക്ഷീരോത്പാദക സഹകരണ സംഘം | 10523 |
| | | 29174 |

മേൽ കണക്കു പ്രകാരം 87522/- (29174*3) രൂപ മേൽ പ്രോജക്ടിനായി ചെലവഴിക്കാവുന്നതായിരുന്നു. പ്രോജക്ടിനായി ചെലവഴിച്ചിട്ടുള്ളത് വികസന ഫണ്ടിനത്തിൽ 70000/- രൂപയും ബ്ലോക്ക് വിഹിതമിനത്തിൽ 4612 /- രൂപയുമാണ്. ബ്ലോക്ക് ഫണ്ടിനത്തിൽ 27.07.2018 ന് ലഭ്യമായ 70000 രൂപയിൽ 65388/- രൂപയും ചെലവഴിക്കാതെ അവശേഷിക്കുന്നു.

ക്ഷീര വികസന വകുപ്പിന്റെ 1 രൂപ വിഹിതം ലഭ്യമാവാത്തതിനാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് നൽകാവുന്ന പരമാവധി തുക ലിറ്ററിന് 3 രൂപയായിരുന്നു. എന്നാൽ 19100 ലിറ്റർ പാലിന് 74612/- രൂപയാണ് നൽകിയിട്ടുള്ളത്. (അതായത് ലിറ്ററിന് 3.9064). 3 രൂപയിൽ അധികരിച്ചു നൽകിയ വിഹിതം ക്ഷീര വികസന വകുപ്പിൽ നിന്നും ലഭ്യമാക്കി ക്രമീകരിക്കേണ്ടതാണ്. പ്രോജക്ട് പ്രകാരം 87522/- രൂപ ചെലവഴിക്കാമായിരുന്നിട്ടും ചെലവഴിക്കാതിരിക്കാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ എൻക്വയറിക്ക് (04/24.12.2019) മറുപടി ലഭ്യമാക്കിയില്ല. ഫണ്ടിന്റെ ലഭ്യത ഉണ്ടായിട്ടും ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം ലഭ്യമാവാത്തത് പദ്ധതി മോണിറ്റർ ചെയ്യാത്തതിന്റെ അഭാവം മൂലമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതി നടപ്പിലാക്കുമ്പോൾ കൃത്യമായി മോണിറ്റർ ചെയ്യേണ്ടതും അർഹമായ ആനുകൂല്യങ്ങൾ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. സംയുക്ത പ്രോജക്ടിനായി ബ്ലോക്കിൽ നിന്നും ലഭ്യമായ തുകയിൽ വിനിയോഗിക്കാനവശേഷിക്കുന്ന തുക തിരിച്ചടവാക്കേണ്ടതാണ്.

പൂക്കിപ്പറമ്പ്- വാളക്കുളം ക്ഷീരോത്പാദക സഹകരണസംഘം സെക്രട്ടറിയുടെ സ്റ്റേറ്റ്മെന്റ് പ്രകാരം ശ്രീമതി നസീമ എടക്കണ്ടത്തിൽ എന്ന ഗുണഭോക്താവ് 894 ലിറ്റർ പാലാണ് നൽകിയിട്ടുള്ളത്. എന്നാൽ ടിയാരിക്ക് 946 ലിറ്റർ പാലിന്റെ തുക (@3.878) യാണ് അനുവദിച്ചിട്ടുള്ളത്. തുക ക്രമീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

# 1-16 വിഇഒ നിർവ്വഹണം ചെയ്ത പ്രോജക്ടുകൾ - പൊതു അപാകതകൾ

2018-19 വർഷത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ പൊതു അപാകതകൾ താഴെ ചേർക്കുന്നു.

1. ഓപ്പൺ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല.

2018-19 ലെ സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ) നം. 22/2018/തസ്വഭവ തിയതി. 14.02.2018) ഖണ്ഡിക 2-7 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമം മാർഗ്ഗരേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ ജി.ഒ(പി) 259/2010/തസ്വഭവ തിയതി.08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരമായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരാമർശിത മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ മതിപ്പ് വില 25000 രൂപക്ക് മുകളിലും 100000 രൂപക്ക് താഴെയുമുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടറും 100000 രൂപക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടറും ബാധകമാണ്. എന്നാൽ താഴെ പറയുന്ന പർച്ചേസുകൾ വ്യാപക പ്രചാരമുള്ള ഒരു ഇംഗ്ലീഷ് പത്രത്തിലും മലയാളം പത്രത്തിലും പരസ്യം നൽകേണ്ടതാണെന്ന ഓപ്പൺ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല. . വ്യാപക പ്രചാരം നൽകിയിരുന്നുവെങ്കിൽ മത്സരാധിഷ്ഠിതമായി ടെണ്ടറുകൾ വരാനും കുറഞ്ഞ തുകക്ക് പ്രോജക്ട് നടപ്പിലാക്കാനും സാധിക്കുമായിരുന്നു.

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 121/19 എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം. | 120000 | 119800 |
| 2 | 119/19 വിദ്യാർത്ഥികൾക്ക് ഫർണിച്ചർ - എസ് സി | 125000 | 90930 |
| 3 | 119/19 വിദ്യാർത്ഥികൾക്ക് ഫർണിച്ചർ - എസ് സി | 236000 | 128600(plan) + 42900(own) |

സർക്കാർ നിർദ്ദേശിച്ച നടപടിക്രമങ്ങൾ പാലിച്ച കൊണ്ട് പർച്ചേസ് നടത്താൻ ശ്രദ്ധിക്കേണ്ടതാണ്..

2. പ്രോജക്ട് നമ്പർ : 119/19 വിദ്യാർത്ഥികൾക്ക് ഫർണിച്ചർ - എസ് സി

ബിൽ നമ്പർ : 17/18-19/23.03.2019 (90930/-)

2018-19 ലെ സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ) നം. 22/2018/തസ്വഭവ തിയതി. 14.02.2018 ഖണ്ഡിക 7.2.7 പ്രകാരം പട്ടിക ജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകാവുന്നതാണ്. എന്നാൽ മേൽ പ്രോജക്ടിന്റെ നിർവ്വഹണത്തിനായി സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം ഗുണഭോക്താക്കളെ കണ്ടെത്തേണ്ടതെന്നും , വാങ്ങിയ ഫർണിച്ചർ സ്കൂൾ അധികൃതർ മുഖേനയാണ് വിതരണം ചെയ്യേണ്ടതെന്നുമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി നിർവ്വഹണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-17 മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമാവാത്തത് - സംബന്ധിച്ച്

2018-19 വർഷത്തിൽ മെഡിക്കൽ ഓഫീസർ നിർവ്വഹണം ചെയ്ത താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം മരുന്ന വാങ്ങുന്നതിനായി KMSCL ന് തുക മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമായതിന്റെ വിവരം ഫയലിൽ ഇല്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | ബിൽ നമ്പർ/ തിയ്യതി | തുക | പ്രൊഫോർമ ഇൻവോയ്സ് |
|---|---|---|---|---|
| 1 | 18/19 (പി എച്ച് സി ക്ക് മരുന്ന് വാങ്ങൽ ) | 07/18-19/05.03.2019 | 3,00,000/- | PRF 4246/ 01.02.2019 |
| 2 | 17/19 പരിരക്ഷ | 05/18-19/ 26.12.2018 | 1,50,000/- | PRF 2439/ 16.11.2018 |
| | | | 4,50,000/- | |

മുൻകൂർ നൽകിയ തുകക്ക് മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/24.12.2019) വാക്കാൽ ലഭ്യമാക്കിയ മറുപടിയിൽ നാളിതു വരെ മരുന്നുകൾ ലഭ്യമായിട്ടില്ലെന്ന് അറിയിച്ചു. മരുന്നുകൾ എത്രയും പെട്ടന്ന് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. മരുന്ന ലഭ്യമാക്കി സ്റ്റോക്കിലെടുക്കുന്നതു വരെ ചെലവു തുക 450000/- തടസ്സത്തിൽ വെക്കുന്നു.

## 1-18 ശമ്പള പരിഷ്ക്കരണ കുടിശ്ശിക – പെൻഷൻ അംശദാനം ഇനത്തിൽ കൂടുതൽ തുക അടവാക്കി

GO(P)7/16/Fin, തീയതി 20-01-16 ന്റെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണത്തിന്റെ കുടിശ്ശിക തുകക്ക് ആനുപാതികമായ പെൻഷൻ അംശദാനം ഇനത്തിലുള്ള തുക 3,85,235 രൂപ 27-03-19 ലെ 21800855ാം നമ്പർ വൗച്ചർ പ്രകാരവും 3705 രൂപ 27-03-19 ലെ 21800848ാം നമ്പർ വൗച്ചർ പ്രകാരവും തനത് ഫണ്ടിൽ നിന്ന് പിൻവലിച്ച് (ചെക്ക് നമ്പർ/തീയതി:15633/27-3-19, 2295980/27-3-19) സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ട്.ആയതിന്റെ വിശദ വിവരങ്ങൾ പരിശോധിച്ചതിൽ 01-07-14 മുതൽ 31-01-16 വരെയുള്ള 19 മാസങ്ങളിലെ അടിസ്ഥാന ശമ്പളത്തിലുള്ള വർദ്ധനവിന്റെ 15% തുകയാണ് അംശദാനം ഇനത്തിൽ അടവാക്കേണ്ടത് എന്നിരിക്കെ, ചില ജീവനക്കാരുടെ കാര്യത്തിൽ 19 മാസത്തെ അടിസ്ഥാന ശമ്പള വ്യത്യാസത്തിന് പുറമെ ടിയാളുകൾ ടി കാലയളവിൽ പിൻവലിച്ച ആർജ്ജിതാവധി ശമ്പളത്തിലെ അടിസ്ഥാന ശമ്പള വ്യത്യാസം കൂടി ഉൾപ്പെട്ട തുകയുടെ 15 % നിരക്കിൽ അംശദാനം അടവാക്കിയതായി കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര് / തസ്തിക | അടിസ്ഥാന ശമ്പളത്തിലുള്ള യഥാർത്ഥ വ്യത്യാസം | രേഖപ്പെടുത്തിയ വ്യത്യാസം | അർഹമായ അംശദാനം | അടവാക്കിയ തുക | അധികം |
|---|---|---|---|---|---|
| ശ്രീ. ദിനോജ് പി. ജൂനി. സൂപ്രണ്ട് | 3,29,492 | 3,46,872 | 49,424 | 52,031 | 2,607 |
| ശ്രീമതി.ലത എം, ഹെഡ് ക്ലാർക്ക് | 3,09,334 | 3,25,854 | 46,400 | 48,878 | 2,478 |
| ശ്രീ.ഷാജഹാൻ കെ.പി., അക്കൗണ്ടന്റ് | 2,90,689 | 3,05,609 | 43,603 | 45,841 | 2,238 |
| ശ്രീ.കൃഷ്ണകുമാർ സി, ക്ലാർക്ക് | 1,07,717 | 1,19,707 | 16,158 | 17,956 | 1,798 |
| ശ്രീമതി.മഞ്ജുള കെ. എം, സീനി. ക്ലാർക്ക് | 2,06,313 | 2,16,933 | 30,947 | 32,540 | 1,593 |
| ശ്രീ.ജീനുപ് എൻ.പി., സീനി ക്ലാർക്ക് | 2,58,180 | 2,85,690 | 38,727 | 42,854 | 4,127 |
| ശ്രീ.മൊയ്തീൻകോയ,സീനി. ക്ലാർക്ക് | 2,64,540 | 2,92,380 | 39,681 | 43,857 | 4,176 |
| ശ്രീമതി.അജിത കുമാരി, അക്കൗണ്ടന്റ് | 22,296 | 26,297 | 3,344 | 3,705 | 361 |

മേൽ പരാമർശിച്ച പ്രകാരം അധികമായി അടവാക്കിയ തുക ബന്ധപ്പെട്ട ജീവനക്കാരുടെ തുടർന്നുള്ള മാസങ്ങളിലെ പെൻഷൻ അംശദാനത്തിൽ ക്രമീകരിക്കേണ്ടതാണ്

## 1-19 വൃദ്ധ ജനങ്ങൾക്ക് കട്ടിൽ - അർഹതാ മാനദണ്ഡത്തിന് വിരുദ്ധമായി അനുവദിച്ചു

ICDS Supervisor നിർവ്വഹണ ഉദ്യോഗസ്ഥയായി 2018-19 ൽ നടപ്പിലാക്കിയ "വൃദ്ധ ജനങ്ങൾക്ക് കട്ടിൽ (GI) " എന്ന പ്രൊജക്റ്റ് പ്രകാരം (Pr.No. 93/19) തൻ വർഷത്തിൽ 98,600 + 3,41,870(Que Bill) രൂപ ചെലവഴിച്ച് ആകെ 112 കട്ടിലുകൾ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട് ( Hilook Furniture,4,41,728 രൂപ @ 3944). ആയതിന്റെ ചെലവ് വിവരങ്ങൾ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള അപാകതകൾ കാണുന്നു.

1) അംഗീകൃത പ്രൊജക്റ്റ് പ്രകാരം 60 വയസ്സ് കഴിഞ്ഞ വൃദ്ധർക്കാണ് മേൽ ആനുകൂല്യം നൽകേണ്ടിയിരുന്നത്. എന്നാൽ ആയതിന് വിരുദ്ധമായി അതിനേക്കാൾ പ്രായം കുറവുള്ള ശ്രീമതി ആമിക്കുട്ടി പിലാത്തോട്ടത്തിൽ തെന്നല, ചാലിൽപാടം എന്ന ഗുണഭോക്താവിന് കട്ടിൽ നൽകിയതായി കാണുന്നു(ആധാർ നമ്പർ : 3547 3714 4889, Year of BIRTH : 1962).
നിശ്ചിത മാനദണ്ഡം പാലിക്കാതെ ആനുകൂല്യം വിതരണം ചെയ്യാനിടയായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

2) ശ്രീ ജോസഫ് തൈത്തറ വെന്നിയൂർ എന്നയാൾ അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉള്ളയാളാണ്. ടിയാൻ മരണപ്പെട്ടതിനാൽ അവർക്ക് കട്ടിൽ നൽകിയിട്ടില്ല എന്ന് ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി രജിസ്റ്റർ പ്രകാരം 111 കട്ടിലുകൾ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. അവശേഷിച്ച ഒരു കട്ടിൽ ആർക്കാണ് നൽകിയത് എന്ന് വ്യക്തമല്ല. ആയത് സംബന്ധിച്ച വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.വിതരണം ചെയ്യാതെ അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് അർഹതയുള്ള ഗുണഭോക്താവിന് നൽകേണ്ടതാണ്.

## 1-20 മഴക്കാല പൂർവ്വ ശുചിത്വ പ്രവർത്തനങ്ങൾ - ചെലവു വിവരങ്ങൾ പൂർണ്ണമായി ഹാജരാക്കിയില്ല

ആരോഗ്യ ജാഗ്രത (മഴക്കാല പൂർവ്വ ശുചിത്വം) പ്രവർത്തനങ്ങൾക്കായി 2018-19 വർഷത്തിൽ മെഡിക്കൽ ഓഫീസർക്ക് (ആരോഗ്യം) 2,55,000രൂപ കൈമാറിയിട്ടുണ്ട് . വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ/തീയതി | തുക | ഫണ്ട് |
|---|---|---|
| 21800135/5-6-18 | 1,70,000 | ശുചിത്വ മിഷൻ |
| 21800161/25-6-18 | 5,000 | തനത് ഫണ്ട് |
| 21800221/24-7-18 | 80,000 | തനത് ഫണ്ട് |

3,4,5,10,11,16 എന്നീ വാർഡുകളിൽ ചെയ്ത പ്രവൃത്തികളുടെ വിശദ വിവരങ്ങൾ ഓഡിറ്റിന് ലഭിക്കുകയുണ്ടായി. അവശേഷിക്കുന്ന വാർഡുകളിലെ ചെലവുരേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് - 10/31-12-19- മറുപടി ലഭ്യമായിട്ടില്ല). മേൽവാർഡുകളിലേത് ഒഴികെയുള്ള തുക , 1,65,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-21 പോത്ത്കുട്ടി വിതരണം - പദ്ധതി നടത്തിപ്പിൽ അപാകത

നിർവ്വഹണോദ്യോഗസ്ഥൻ: വെറ്ററിനറി സർജൻ

പ്രോജക്റ്റ് : 53/19 (പോത്ത് കുട്ടി വിതരണം)

ബിൽ നമ്പർ : 08/18-19/15.02.2019 (96000/-)

ബിൽ നമ്പർ : 09/18-19/ 15.02.2019 (54000/-)

ബിൽ നമ്പർ : 14/18-19/26.03.2019 (6000/-)

മേൽ പ്രോജക്റ്റ് പ്രകാരം 26 ഗുണഭോക്താക്കൾക്ക് പോത്തുകുട്ടികളെ വാങ്ങി നൽകിയിട്ടുണ്ട്. സബ്സിഡിയിനത്തിൽ 6000/- രൂപയാണ് ഗുണഭോക്താവിന് നൽകിയിട്ടുള്ളത്. ഗുണഭോക്തൃ വിഹിതം 6000/- രൂപ ഗുണഭോക്താവ് നേരിട്ട് ചിലവഴിക്കുന്നതാണ്. പോത്തുകുട്ടിയെ വില്പന നടത്തിയ ആളുടെ അക്കൗണ്ടിലേക്ക് സബ്സിഡി വിഹിതം

കൈമാറിയിട്ടുണ്ട്. ഫയലുകൾ പരിശോധിച്ചതിൽ ശ്രീമതി തങ്കമ്മ ചക്കിപ്പറമ്പൻ എന്ന ഗുണഭോക്താവ് ശ്രീമതി സുജാത എന്നവരിൽ നിന്നും പോത്തുകുട്ടിയെ വാങ്ങിയതായി കണ്ടു. എന്നാൽ ഇതേ ഗുണഭോക്താവ്(ശ്രീമതി തങ്കമ്മ ചക്കിപ്പറമ്പൻ) ശ്രീമതി മറിയാമു ചെമ്മല എന്ന ഗുണഭോക്താവിന് പോത്തുകുട്ടിയെ നൽകിയതിന് സബ്സിഡി തുക കൈപ്പറ്റിയതായും കാണുന്നു. കൈയ്യിലുണ്ടായിരുന്ന പോത്തുകുട്ടിയെ പദ്ധതിയിലുൾപ്പെടുത്തി വില്പന നടത്തിയതിനു ശേഷം പഞ്ചായത്തിന്റെ ആനുകൂല്യം കൈപ്പറ്റി മറ്റൊരു പോത്തുകുട്ടിയെ വാങ്ങിയത് ശരിയായ നടപടിയല്ല. ഇത്തരം പ്രൊജക്ടിന്റെ ലക്ഷ്യത്തെ ബാധിക്കുന്ന അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

# 1-22 അഗതി രഹിത കേരളം പദ്ധതി നടപ്പിലാക്കുന്നതിലെ പുരോഗതി

നിരാലംബരും നിരാശ്രയരുമായ അഗതികളെ സംരക്ഷിക്കാൻ നിലവിലെ ആശ്രയ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ളവരും എന്നാൽ തുടർന്നും സേവനത്തിനു അർഹരായവരുമായ ഗുണഭോക്താക്കളെ കണ്ടെത്തി ഒരു ഏകീകൃത പദ്ധതിയെന്ന നിലയിൽ അഗതി രഹിത കേരളം പദ്ധതി ആരംഭിക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് സ.ഉ (എം എസ് ) നം 252/2017/തസ്വഭവ തീയതി 12.12.2017 പ്രകാരം പുറപ്പെടുവിച്ചതാണ്.

ആശ്രയ പദ്ധതിയിൽ നാളിതുവരെ ഉൾപ്പെടുത്താത്തവരും അർഹതയുള്ളവരുമായവരെ കണ്ടെത്താൻ ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും പ്രത്യേകം ബാധകമായതും കുടുംബശ്രീ നിശ്ചയിച്ചിട്ടുള്ള ക്ലേശഘടകങ്ങളുടെ വിശദാംശം മാർഗ്ഗരേഖയിൽ വ്യക്തമാക്കുന്നുണ്ട്. ആകെ അടങ്കൽ തുകയുടെ 10% ജില്ലാ പഞ്ചായത്ത് 15% ബ്ലോക്ക് പഞ്ചായത്ത് ക്രമത്തിൽ സമാഹരിക്കാനും 35% ഗ്രാമ പഞ്ചായത്തും 40% ചാലഞ്ച് ഫണ്ടും വകയിരുത്തിയാണ് അഗതി രഹിത കേരളം പദ്ധതി രൂപീകരിക്കാൻ നിർദ്ദേശമുള്ളത്. തദ്ദേശ സ്വയംഭരണസ്ഥാപനം അംഗീകരിച്ച അന്തിമ ഗുണഭോക്തൃ പട്ടിക അടിസ്ഥാനമാക്കി സി ഡി എസ് 99.18 ലക്ഷം രൂപ അടങ്കലിൽ തയ്യാറാക്കിയ അഗതി രഹിത കേരളം പദ്ധതിക്ക് അംഗീകാരമായിട്ടുണ്ടെങ്കിലും ഭക്ഷണം, ചികിൽസ ഒഴികെയുള്ള പരിചരണ സേവനങ്ങളിൽ ചെലവുണ്ടായിട്ടില്ല. ആകെ 122 അഗതി കുടുംബങ്ങൾ ഉൾപ്പെടുന്ന പദ്ധതിയുടെ നിർവ്വഹണ കാലയളവ് 2018-19 മുതൽ 2020-21 വരെയാണ്. വികസന ഫണ്ടായി മൂന്ന് വർഷകാലയളവിൽ 59 ലക്ഷം രൂപ വകയിരുത്തിയ പദ്ധതിക്ക് 2018-19 ൽ ഫണ്ട് അനുവദിച്ചിട്ടില്ല.

പദ്ധതിയിൽ ഭവനരഹിതരായ 12 അഗതികുടുംബങ്ങൾക്ക് വീടു നിർമ്മിക്കാനായി 4 ലക്ഷം രൂപ നിരക്കിൽ ഫണ്ട് വകയിരുത്തി കാണുന്നുണ്ട്. ലൈഫ് മിഷൻ പദ്ധതിയിൽ ധനസഹായം നൽകാൻ ഗ്രാമപഞ്ചായത്തിൽ ഭൂരഹിത, ഭവനരഹിതരായി കണ്ടെത്തിയ 140 ഗുണഭോക്താക്കൾക്ക് പുറമേയാണിത്. ലൈഫ് മിഷൻ പദ്ധതിയിൽ ഓഡിറ്റ് വർഷത്തിൽ 11 ഗുണഭോക്താക്കൾക്കാണ് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചത്. പദ്ധതിക്കായി വികസന ഫണ്ടിന്റെ 20 ശതമാനം മാറ്റിവെക്കേണ്ട സാഹര്യത്തിൽ ലൈഫ് മിഷൻ പദ്ധതിയുടെ ലിസ്റ്റിൽ ഉൾപ്പെടാത്ത 12 ഭവനരഹിതരായ അഗതികുടുംബങ്ങൾക്ക് കൂടി ഭവന നിർമ്മാണത്തിന് ഫണ്ട് സമാഹരിക്കേണ്ട അധിക ബാദ്ധ്യത ഗ്രാമപഞ്ചായത്തിന് വരുന്നുണ്ട്. പദ്ധതിക്കായി വകയിരുത്തിയ വികസന ഫണ്ട് മുഴുവനായും ലഭ്യമാക്കാൻ സ്പോൺസർഷിപ്പായി വകയിരുത്തിയ തുക കണ്ടെത്താനും ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും അർഹമായ വിഹിതം സമാഹരിക്കാനുമുള്ള നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്.

# 1-23 പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ പാലിക്കേണ്ട നിർദ്ദേശങ്ങൾ

പൊതുമരാമത്ത് പ്രവൃത്തികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും ശ്രദ്ധയിൽപ്പെട്ട താഴെ കാണിച്ച അപാകതകൾ പരിഹരിക്കാൻ തുടർനടപടിയുണ്ടാവേണ്ടതാണ്.

1.റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാത്തത്

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം

പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്ടിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലും നിർദ്ദേശവും നിലനിൽക്കുണ്ട്.

2.സൈറ്റിൽ ഡിസ് പ്ലേ ബോർഡ് സ്ഥാപിക്കുന്നില്ല.

പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ് പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം നടപ്പിലാക്കിയിട്ടില്ല. നിർവ്വഹണ സമയത്ത് സൈറ്റിൽ കോൺട്രാക്ടറുടെ / കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഡിസ് പ്ലേ ബോർഡ് സ്ഥാപിക്കാനുള്ള നടപടികൾ തുടർവർഷങ്ങളിൽ സ്വീകരിക്കേണ്ടതാണ്.

3. ഇ- ടെൻഡർ ഫോറം വില ലഭിക്കാൻ നടപടി സ്വീകരിച്ചില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുമരാമത്ത് പ്രവൃത്തികളിൽ ഇ-ടെൻഡർ സമർപ്പിക്കുമ്പോൾ കരാറുകാരിൽ നിന്നും ഓൺലൈനായി നിരതദ്രവ്യവും ടെൻഡർ ഷെഡ്യൂൾ ഫീയും സ്വീകരിക്കുന്നതിനായി ജില്ലാ പഞ്ചായത്ത്, നഗരസഭ, കോർപ്പറേഷനുകളിലെ എഞ്ചിനീയറിംഗ് തലവൻമാർക്ക് ബാങ്കിൽ സീറോ ബാലൻസ് അക്കൗണ്ട് തുടങ്ങാൻ 28.09.2013 ലെ ജി.ഒ.(എം എസ്) 318/2013/LSGD പ്രകാരം അനുമതി നൽകിയതാണ്. ചീഫ് എഞ്ചിനീയറുടെ 10.10.2013 ലെ DB1-7942/2013/CE/LSGD നമ്പർ സർക്കുലറിൽ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളുടെ ബാങ്ക് അക്കൗണ്ടുകളുമായി ബന്ധിപ്പിക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ തുടങ്ങിയ ബാങ്ക് അക്കൗണ്ടിന്റെ വിശദാംശം ഇ-ടെൻഡർ നടപടികളുടെ നോഡൽ ഏജൻസിയായി അംഗീകരിച്ച കേരള സംസ്ഥാന ഐ.ടി മിഷന് കൈമാറാനും നിർദ്ദേശമുള്ളതാണ്. 2016-17മുതൽ ഇ-ടെൻഡർ ചെയ്ത പൊതുമരാമത്ത് പ്രവൃത്തികളുടെ ടെൻഡർ ഷെഡ്യൂൾ വിലയായി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലേക്ക് വന്ന തുക ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

4.വെൽഫയർ ഫണ്ട് കളക്ഷൻ ചാർജ് ഈടാക്കൽ

ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴസ് വെൽഫയർ സെസ് ആക്ട് 1996 സെക്ഷൻ 3(3) പൊതുമരാമത്ത് പ്രവൃത്തികളിൽ നിന്നും ഈടാക്കുന്ന വെൽഫയർ ഫണ്ട് വിഹിതത്തിന്റെ 1 ശതമാനത്തിൽ കുറയാത്ത തുക തദ്ദേശഭരണ സ്ഥാപനത്തിന് കളക്ഷൻ ചാർജായി ശേഖരിക്കാൻ നിർദ്ദേശമുള്ളതാണ്. 2018-19 വർഷത്തിൽ മാത്രം വെൽഫയർ ഫണ്ട് ഈടാക്കാനുള്ള നടപടികൾ തുടങ്ങിയത് വൈകിയാണെന്ന് കാണുന്നു. വെൽഫയർ ഫണ്ടിൽ നിന്നും നിയമപരമായി ശേഖരിക്കാവുന്ന കളക്ഷൻ ചാർജ് ഈടാക്കുന്നതിലെ വീഴ്ച ഒഴിവാക്കേണ്ടതാണ്.

# 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2018-19 | 08.08.2019 മുതൽ 09.08.2019 വരെ | കെ.എസ്.എ.എം.പി.എം.14/1254/19 തിയതി.24.08.19 |

# 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| ബ്ലോക്ക് പഞ്ചായത്ത് | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| | 100000 | പ്രോ.നം-16/18-19 അംഗൻവാടി പോഷകാഹാരം | 100000 | 0 |
| | 100000 | പ്രോ.നം-92/18-19 ഭിന്നശേഷി സ്കോളർഷിപ്പ് | 100000 | 0 |
| | 459600 | പ്രോ.നം-20/18-19 ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 459600 | 0 |
| | 60400 | പ്രോ.നം-22/18-19 ലൈഫ് ഭവന നിർമ്മാണം (എസ്.സി) | 60400 | 0 |
| | 70000 | പ്രോ.നം-64/18-19 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 4612 | 65388 |
| | 250000 | പ്രോ.നം-115/18-19 കണ്ണംകുളം – അകത്തിക്കുളം റോഡ് പുനരുദ്ധാരണം | 0 | 250000 |
| ആകെ | 1040000 | | 724612 | 315388 |
| ജില്ലാ പഞ്ചായത്ത് | 208010 | പ്രോ.നം-20/18-19 ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 208010 | 0 |
| | 26000 | പ്രോ.നം-22/18-19 ലൈഫ് ഭവന നിർമ്മാണം (എസ്.സി) | 26000 | 0 |
| | 100000 | പ്രോ.നം-92/18-19 ഭിന്നശേഷി സ്കോളർഷിപ്പ് | 100000 | 0 |
| ആകെ | 334010 | | 334010 | 0 |

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്. ഇ .ബി | ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റിവയ്ക്കൽ | 21800759/06.03.19 | 41728 | 41728 | പൂർത്തീകരിച്ചു | 0 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

# 4-6 സ്ഥിരനിക്ഷേപങ്ങൾ

എ) സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 3,000 |
| തൻവർഷം നിക്ഷേപിച്ച തുക | 20,00,000 |
| ആകെ | 20,03,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20,03,000 |

ബി) വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | അക്കൗണ്ട് നമ്പർ |
|---|---|---|
| ഷെയർ സർട്ടിഫിക്കറ്റ് | 3,000 | നം. 1322 |
| ഫിക്സഡ് ഡെപ്പോസിറ്റ് | 20,00,000 | നം. 196799 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2018-19 വർഷത്തിൽ ലഭിച്ച 7100 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത്/ട്രഷറി ചലാൻ നമ്പർ തിയ്യതി |
|---|---|---|---|---|
| 87-88, 88-89 | 9(4)5 | 100 | സൈനുദ്ദീൻ | 118020100695/11.05.2018 |
| 87-88, 88-89 | 9(4)8 | 50 | വി. സി. രാജൻ. | 118020100696/11.05.2018 |
| 87-88, 88-89 | 9(4)12 | 50 | മീരാബായി | 118020100698/11.05.2018 |
| 87-88, 88-89 | 9(4)13 | 25 | എ. ശിവദാസൻ | 118020100699/11.05.2018 |
| 87-88, 88-89 | 9(4)11 | 50 | ജോസ് മാത്യു | 118020100697/11.05.2018 |
| 2009-10, 10-11 | 3.1 | 6804 | കൃഷ്ണൻകുട്ടി. പി | 118020500001/07.04.2018 |
| 2000-01 | 2.1(2) | 21 | ടി. കെ. ഗൗരി | 118020100866/25.05.2018 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2013-14 | 5-2 | (അദ്ധ്യായം 9-5)<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും- പ്രവർത്തന ക്ഷമതാ റിപ്പോർട്ട് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ്ജ്/സർജ്ജ് നടപടികളുടെ വിവരങ്ങൾ

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖഢ്ഡിക | ഉത്തരവാദി | ചാർജ്ജ് സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, | തുക | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 2007-08 | 3(15) | ശ്രീ.പി.കൃഷ്ണൻകുട്ടി | LF6448/spl.cell/SC/D1/12 dtd 16.02.2015 | 8,838 | 8,838 | അടവാക്കിയ വിവരം ലഭ്യമല്ല |
| 2 | 2007-08 | 3(16) | ശ്രീ.പി.കൃഷ്ണൻകുട്ടി | LF6448/spl.cell/SC/D1/12 dtd 16.02.2015 | 1,44,625 | 1,44,625 | അടവാക്കിയ വിവരം ലഭ്യമല്ല |
| 3 | 2003-04 | 3-(12),3-(13)(1), 3(13)(2), 3(14)2,3(15) | ശ്രീ സി ജെ വർഗ്ഗീസ് , സെക്രട്ടറി | LF4520/spl.cell/sc5/09 dt. 02.05.12 | 28255 | 28255 | Rt. 11065/28/ 14.08.12 പ്രകാരം തിരിച്ചടച്ചു |
| 4 | 2008-09 | 3-12 | ശ്രീ.ഫ്രാൻസിസ് | LF1957/spl.cell/C- | 21,631 | 21,631 | അടവാക്കിയ |

| | | | | | | | |
|---|---|---|---|---|---|---|---|
| | 2010-11 | | വർഗ്ഗീസ്, അസിസ്റ്റന്റ് എഞ്ചിനീയർ | SC/D1/13 dt. 24.03.15 | | | വിവരം ലഭ്യമല്ല |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (2017-18 മുൻബാക്കി ഉൾപ്പെടെ) | : | 10,35,43,361 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,70,70,925 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | -ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 615000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 450000 | ഡോ. ദിവ്യ. പി. ടി, (മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-21 | 165000 | ഡോ. ദിവ്യ. പി. ടി, (മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ആകെ | 615000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ദിവ്യ. പി. ടി, (മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) തെന്നല ഗ്രാമ പഞ്ചായത്ത് | ശ്രേയസ് , എടപ്പാൾ പിഒ 679576 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1972-73 | എൽ എഫ്എം9/507/87/31.10.89 | 10 |
| 1978-79 | എൽ എഫ്എം9/513/87/31.10.89 | 3 |
| 1979-80 | എൽ എഫ്എം9/514/87/31.10.89 | 6 |
| 1980-81 | എൽ എഫ്എം9/515/87/31.10.89 | 1 |
| 1982-83 | എൽ എഫ്എം9/956/87/31.10.89 | 4 |
| 1983-84 | എൽ എഫ് എം9/446/88/31.10.89 | 3 |
| 1984-85 | എൽ എഫ് എം9/39/88/01.03.89 | 28 |
| 1985-86 | എൽ എഫ് എം9/1054/91/22.11.91 | 2 |
| 1986-87 | എൽ എഫ് എം9/27/92/20.06.92 | 11 |
| 1987-88<br>88-89 | എൽ എഫ് എം9/1047/93/1.3.94 | 23 |
| 1989-90<br>90-91 | എൽ എഫ് എം9/937/94/3.8.94 | 4 |
| 1991-92 | എൽ എഫ് എം9/128/93/8.7.93 | 1 |
| 1992-93<br>93-94 | എൽ എഫ് എം9/681/96/8.1.97 | 15 |
| 1995-96 | എൽ എഫ് എം15/450/98/8.9.98 | 27 |
| 1996-97 | എൽ എഫ് എം15/449/96/31.1.05 | 28 |
| 1.7.1998 മുതൽ 31.3.2001 വരെ പ്ലാൻ | എൽ എഫ് എം13/884/04/21.10.04 | 39 |

| | | |
|---|---|---|
| 1997-98വരവ് | എൽ എഫ് എം10/2081/06/10.4.07 | 1 |
| 1997-98ചെലവ് | എൽ എഫ് എം15/449/99/31.1.05 | 28 |
| 1998-99 (പ്ലാൻ ഒഴികെ) | എൽ എഫ് എം10/2083/06/10.4.07 | 16 |
| 1999-00 (പ്ലാൻ ഒഴികെ) | എൽ എഫ് എം10/2084/06/18.4.07 | 7 |
| 2000-01 (പ്ലാൻ ഒഴികെ) | എൽ എഫ് എം10/2341/07/15.12.08 | 4 |
| 2001-02 | എൽ എഫ് എം10/2343/07/15.12.08 | 6 |
| 2002-03 | എൽ എഫ് എം10/2342/07/15.12.08 | 8 |
| 2003-04 | എൽ എഫ് എം10/2344/07/15.12.08 | 13 |
| 2004-05 | എൽ എഫ് എം10/1322/08/13.1.09 | 11 |
| 2005-06 | എൽ എഫ് എം10/1735/09/18.1.10 | 9 |
| 2006-07 | എൽ എഫ് എം10/1736/09/26.3.10 | 25 |
| 2007-08 | എൽ എഫ് എം14/1786/11/15.9.11 | 13 |
| 2008-09 | എൽ എഫ് എം14/1787/11/15.9.11 | 4 |
| 2009-10<br>2010-11 | എൽ എഫ് എം14/896/13/31.10.13 | 16 |
| 2011-12<br>2012-13 | എൽ എഫ് എം14/883/14/1.11.14 | 5 |
| 2013-14<br>2014-15 | കെ എസ് എ എം പി എം14/510/2016/ 11.10.19 | 7 |
| 2015-16 | കെ എസ് എ എം പി എം14/2729/16<br>19.6.2018 | 9 |
| 2016-17 | കെ എസ് എ എം പി എം14/1811/17<br>21.7.2018 | 8 |
| 2017-18 | കെ എസ് എ എം പി എം14/2431/18<br>22.02.2019 | 13 |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.14/1254/19

തിയതി 24/08/2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തെന്നല ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ